# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1562. — 03.10. 2011-ൽ മറുപടിക്ക്

### പ്രീപെയ്ഡ് ഓട്ടോ കൗണ്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ. | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളിലെ പ്രീപെയ്ഡ് ടാക്സി ബേയിൽ കയറാതെ വെളിയിൽ നിർത്തി ദീർഘദൂര യാത്രക്കാരെ മാത്രം കയറ്റി ഓട്ടോക്കാർ പോകുന്നതുമൂലം യാത്രക്കാർക്കു ണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇക്കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ അടുത്തടുത്ത സമയങ്ങളിൽ എത്തപ്പെടുന്ന ട്രെയിനുകളിലെ എല്ലാ യാത്രക്കാർക്കും ഒരേ സമയം ഓട്ടോ റിക്ഷകളുടെ കുറവുമൂലം യഥാസമയം ഓട്ടോറിക്ഷകൾ പ്രീപെയിഡ് കൗണ്ടറുകൾ വഴി ലഭ്യമാക്കാൻ കഴിയാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരമാവധി ആട്ടോറിക്ഷകളുടെ സേവനം ഈ സമയങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അതാതു സ്ഥലങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി എങ്കിൽ സ്റ്റേഷനിലെത്തുന്ന എല്ലാ ഓട്ടോറിക്ഷകളും പ്രീപെയ്ഡ് ബേയിൽ നിന്നു മാത്രം യാത്രക്കാരെ കയറ്റുന്നതിന് നിർദ്ദേശം നൽകാമോ? | ( ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രീപെയ്ഡ് കൗണ്ടറുകളിൽ നിന്നും നൽകുന്ന ടിക്കറ്റിലെ ചാർജിനെക്കാൾ കൂടുതൽ തുക ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) | ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ യാത്രക്കാരിൽ നിന്നും അധികം ഈടാക്കിയ തുക തിരികെ വാങ്ങിനൽകുകയും കുറ്റക്കാർക്കെതിരെ .ശിക്ഷണ നടപടികൾ സ്വീകരിക്കാറും ഉണ്ട്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും പ്രീപെയ്ഡ് കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ളവ മെച്ചപ്പെട്ട സേവനം കാഴ്ച വയ്ക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായും സന്നദ്ധ സംഘടനകളുമായും ചേർന്ന് എല്ലാ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലും ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.